# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3214 — 21.6.2013-ൽ മറുപടിക്ക്

### പരിസ്ഥിതിക്ക് അനുകൂലമായ ടോയ്‌ലറ്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ച ഇക്കോസാൻ ടോയ്‌ലറ്റുകൾക്ക് പകരം പരിസ്ഥിതിക്ക് അനുകൂലമായ ടോയ്‌ലറ്റ് സംവിധാനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ? | കുട്ടനാട് പാക്കേജിന്റെ സാനിട്ടേഷൻ ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എക്കോസാൻ ടോയ്‌ലറ്റുകൾക്ക് പകരമായി കക്കൂസ് മാലിന്യം പ്രകൃതിക്ക് ഭീഷണിയില്ലാത്ത വിധം ജൈവസാങ്കേതിക വിദ്യയ്ക്ക് വിധേയമാക്കി നദീജലത്തിലേക്ക് നിർമ്മാർജ്ജനം ചെയ്യാവുന്ന ഗുണനിലവാരമുള്ള ദ്രാവകമായി പുറന്തള്ളപ്പെടുന്ന തരത്തിലും കുട്ടനാടൻ പ്രകൃതിയോടിണങ്ങുന്ന സൂപ്പർ സ്ട്രക്ചറോടും കൂടിയ വ്യക്തിഗത ഗാർഹിക കക്കൂസുകൾ നിർമ്മിക്കുന്നതിലേക്ക് സർവീസ് പ്രൊവൈഡർമാരെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. ദേശീയതലത്തിൽ പത്രപരസ്യത്തിലൂടെ താത്പര്യപത്രം ക്ഷണിച്ച് നാല് സ്ഥാപനങ്ങളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുണ്ടായി. എന്നാൽ പുറംതള്ളപ്പെടുന്ന ദ്രാവകം നിർദ്ദിഷ്ട പാരാമീറ്ററുകൾ പാലിക്കപ്പെടുമെന്ന് ഉറപ്പാക്കുംവിധമുള്ള സാങ്കേതിക വിദ്യകളോടുകൂടിയ ഗാർഹിക കക്കൂസ് നിർമ്മിച്ച് കൈമാറ്റം ചെയ്യുന്നതിനുള്ള ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (ലിമിറ്റഡ്), ആലുവ എന്ന സ്ഥാപനം മാത്രമേ സമർപ്പിക്കുകയുണ്ടായുള്ളൂ. പ്രസ്തുത സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ ബിഡിനെ |

അടിസ്ഥാനപ്പെടുത്തി ഒരു ഗാർഹിക കക്കൂസ് നിർമ്മിച്ച് കൈമാറുന്നതിനുള്ള യൂണിറ്റ് കോസ്റ്റ് 1,53,000/- രൂപ (ഒരു ലക്ഷത്തി അമ്പത്തി മൂവായിരം രൂപ)യാണ്. പ്രസ്തുത യൂണിറ്റ് കോസ്റ്റ് ഗാർഹിക കക്കൂസ്സുകളുടെ കാര്യത്തിൽ വളരെ കൂടുതലാണെന്നതിനാൽ തിരസ്കരിക്കുകയും ചെലവു കുറഞ്ഞതും (കോസ്റ്റ് ഇഫക്ടീവ്) പരിസ്ഥിതി സൗഹൃദവുമായ ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിനുള്ള പുനർ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയുമാണ്.

സെക്ഷൻ ഓഫീസർ